# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2793** **12.03.2018-ൽ മറുപടിയ്ക്ക്**

**മത്സ്യ ഉത്പാദനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.പി.ടി. തോമസ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) 2015-16 സാമ്പത്തികവർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ കേരളത്തിലെ മൊത്ത മത്സ്യ ഉത്പാദനത്തിൽ ഗണ്യമായ കുറവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ മൊത്തം മത്സ്യഉല്പാദനത്തിൽ 51.041 ടണ്ണിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ മത്സ്യ ഉത്പാദനം വർധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ മത്സ്യ ഉത്പാദനം വർധിപ്പിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) മൊത്ത മത്സ്യ ഉത്പാദനത്തിൽ ഉൾനാടൻ മത്സ്യ ഉത്പാദനത്തിന്റെ പങ്ക് ദേശീയ ശരാശരിയേക്കാൾ പിന്നിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ഡി) 2015-16 വരെ വർദ്ധിച്ചു കൊണ്ടിരുന്ന ഉൾനാടൻ മത്സ്യ ഉത്പാദനം 2016-17 വർഷത്തിൽ കുറയാനുണ്ടായ സാഹചര്യത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഡി) 2016-17-ലെ ഉൾനാടൻ മത്സ്യഉല്പാദനം സംബന്ധിച്ച കണക്ക് വസ്തുനിഷ്ഠമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ളതാണ്. കുറയാനുണ്ടായ സാഹചര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി 48.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും, നിലവിലുളള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി 2838 ലക്ഷം രൂപയുടെ പദ്ധതികളും അതിൽ ഉൾപ്പെടുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയുടെ ഭാഗമായി മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ
2. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
3. വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
4. ചെമ്മീൻ കൃഷി
5. പാടശേഖരങ്ങളിലെ മത്സ്യകൃഷി

കൂടാതെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 9 പദ്ധതികൾക്ക് 2530 ലക്ഷം രൂപയൂടെ കേന്ദ്രാനുമതി ലഭിക്കുകയും ടി പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | യൂണിറ്റ്/ ഹെക്ടർ | ഒരു യൂണിറ്റിന് നൽകുന്ന സബ്സിഡി (40%) |
|---|---|---|---|
| 1 | കല്ലുമ്മേയ്ക്കായ കൃഷി | 2000 | 6000/- |
| 2 | ഓരുജലങ്ങളിലെ കൂടുകൃഷി | 80 | 1.2 ലക്ഷം/യൂണിറ്റ് |
| 3 | പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്) | 100 | 2.4 ലക്ഷം/യൂണിറ്റ് |

| | | | |
|---|---|---|---|
| 4 | മത്സ്യകൃഷിക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ | 80 ഹെക്ടർ | 2 ലക്ഷം/ഹെക്ടർ |
| 5 | പുനരുദ്ധരിച്ച വാട്ടർ ലോഗ് പ്രദേശത്ത് മത്സ്യകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി | 80 ഹെക്ടർ | 60,000 രൂപ/ഹെക്ടർ |
| 6 | നവീകരിച്ചിട്ടുള്ള കുളങ്ങളിലെ ചെമ്മീൻകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി | 80 ഹെക്ടർ | 1.2 ലക്ഷം/ഹെക്ടർ |
| 7 | ചെമ്മീൻകൃഷിക്കുള്ള കുളം നവീകരണം | 80 ഹെക്ടർ | 1.4 ലക്ഷം/ഹെക്ടർ |
| 8 | കുളം നവീകരിച്ചുകൊണ്ടുള്ള ഗിഫ്റ്റ് തിലാപ്പിയ കൃഷി | 40 ഹെക്ടർ | 2 ലക്ഷം/ഹെക്ടർ |
| 9 | കുളം നവീകരിച്ചുകൊണ്ടുള്ള ആസ്സാം വാള കൃഷി | 30 ഹെക്ടർ | 2 ലക്ഷം/ഹെക്ടർ |

കൂടാതെ കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കടലിൽ കൃത്രിമപാര് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയ്ക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻപ്രകാരം തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുതുക്കുറിച്ചി മത്സ്യഗ്രാമത്തിന് സമീപവും കരിങ്കുളം ഗ്രാമപഞ്ചായത്തിലെ കൊച്ചുതുറ ഫിഷിംഗ് വില്ലേജിലുമാണ് ടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ, നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി കടലിൽ കൂട് മത്സ്യകൃഷി നടത്തുന്നതിനായി 1398 ലക്ഷം രൂപയുടെ കേന്ദ്ര ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ കൂട് കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതി അഡാക്ക് മുഖേന നടപ്പിലാക്കുന്നു. കൂടാതെ ചെറു മത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനായി 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് സർക്കാർ ഉത്തരവാകുകയും, ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുതകുന്ന രീതിയിൽ കെ.എം.എഫ്.ആർ ആക്ട് ഭേദഗതി ചെയ്തും അത് നിർബന്ധമായും നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തിയും കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ആഫീസർ**